**Commission for Evangelization and Pastoral Care of the Migrants**

**Syro-Malabar Major Archiepiscopal Church**

Bishop Raphael Thattil (Chairman)
Fr. Sebastian Joseph Muttamthottil, MCBS (Secretary)
Bishop Sebastian Vadakel, MST (Member)
Bishop Joseph Pandarasseril (Member)

പ്രോട്ടോ. നം. 527/2019 30 സെപ്റ്റംബർ 2019

സ്നേഹമുള്ളവരേ,

സുവിശേഷപ്രഘോഷണ ദൗത്യത്തിന് പുത്തൻ പ്രചോദനം നല്കാൻ ബനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പ എഴുതിയ *മാക്സിമും ഇല്ലൂദ്* (*Maximum illud*) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച്, സാർവത്രികസഭയിൽ പ്രേഷിതചൈതന്യം പ്രോജ്ജ്വലമാക്കുന്നതിനായി 2019 ഒക്ടോബർ സവിശേഷ മിഷൻ മാസമായി ആചരിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്താൽ ജന്മംകൊണ്ട സീറോ മലബാർ സഭയിലും ഇത് സമുചിതമായി ആചരിക്കാൻ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ വച്ച് 2019 ആഗസ്റ്റ്മാസം നടന്ന മെത്രാന്മാരുടെ സിനഡ് തീരുമാനിക്കുകയും, അതിന് മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ സുവിശേഷവത്കരണത്തിനും പ്രവാസികളുടെ അജപാലന ശുശ്രൂഷയ്ക്കും വേണ്ടിയുള്ള സഭയുടെ മേജർ ആർക്കിഎപ്പിസ്കോപ്പൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കമ്മീഷനും, സീറോ മലബാർ സഭയുടെ മിഷനുകളെ സഹായിക്കുന്ന ഓഫീസും (SyMM) സംയുക്തമായി നടത്തിയ ആലോചനകളുടെ വെളിച്ചത്തിൽ രൂപതകളുടെയും സമർപ്പിത സമൂഹങ്ങളുടെയും അല്മായരുടെയും പരിഗണനയ്ക്കായി ചില കർമ്മപരിപാടികൾ നല്കിയിരുന്നു. അതിലൊന്ന്, ഒക്ടോബർ മാസത്തെയോ നവംബർ മാസത്തെയോ കുടുംബകൂട്ടായ്മകളിലെ വിചിന്തനവിഷയം മിഷനെക്കുറിച്ചുള്ളതാക്കുക എന്നതാണ്. ഇതിന് സഹായകരമായ ഈ ലഘുലേഖ, *സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗരേഖ - ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ* - ആധാരമാക്കി, സീറോ മലബാർ സഭയുടെ പ്രേഷിത മുന്നണിയായ MST സമൂഹത്തിന്റെ സഹായത്തോടെയാണ് തയ്യാറാക്കിയത്. മിഷനെക്കുറിച്ചുള്ള അറിവ് ആഴപ്പെടാനും അതിലൂടെ മിഷനെ സ്നേഹിക്കാനും മിഷനെ സഹായിക്കാനും ഏവർക്കും ഇത് പ്രയോജനകരമാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു,

മിശിഹായിൽ സനേഹപൂർവ്വം,

മാർ റാഫേൽ തട്ടിൽ (ചെയർമാൻ)
മാർ സെബാസ്റ്റ്യൻ വടക്കേൽ MST (മെംബർ)
മാർ ജോസഫ് പണ്ടാരശ്ശേരിൽ (മെംബർ)

ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ MCBS
(സെക്രട്ടറി)
സി. റോസ്മിൻ MSJ (ഓഫീസ് സെക്രട്ടറി)

Syro-Malabar Major Archiepiscopal Curia
*Mount St. Thomas, PB. 3110, Kakkanad, Kochi - 682 030, Kerala, India*
*Mob: +91 9495772184/; Fax: 0484-2422727; Email: sec2cepcm@gmail.com; Web: www.cepcm.org*

# ജ്ഞാനസ്നാനപ്പെട്ടവർ അയയ്ക്കപ്പെട്ടവർ: ക്രിസ്തുവിന്റെ സഭ പ്രേഷിതദൗത്യവുമായി ലോകത്തിൽ

## സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിചിന്തനവിഷയം

**ആമുഖം**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി ആഘോഷിക്കുവാൻ സഭാമക്കളെ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ."ജ്ഞാനസ്നാനപ്പെട്ടവർ അയയ്ക്കപ്പെട്ടവർ: ക്രിസ്തുവിന്റെ സഭ പ്രേഷിതദൗത്യവുമായി ലോകത്തിൽ" (Baptized and Sent: the Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിലെ ആപ്തവാക്യം. ഈശോമിശിഹായിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതമാനം വീണ്ടും കണ്ടെത്താൻ ഈ മാസാചരണം നമ്മെ സഹായിക്കുന്നു. ഗാർഹിക സഭകളായ കുടുംബങ്ങൾ ആഗോള സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ എന്നും ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഈ അസാധാരണ പ്രേഷിതമാസത്തിൽ, നമ്മുടെ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ എപ്രകാരമെല്ലാം നമുക്ക് ശക്തിപ്പെടുത്താം എന്ന് കൂട്ടായി ചിന്തിക്കുന്നത് യുക്തവും കാലോചിതവുമാണ്.

### 1. മിഷൻ അഥവാ പ്രേഷിതത്വം

അയക്കുക എന്നർത്ഥം വരുന്ന *മീത്തരെ* (*Mittere*) എന്ന ലത്തീൻ പദത്തിൽനിന്നാണ് *മിഷൻ* (Mission) *മിഷനറി* (Missionary) എന്നീ വാക്കുകളുടെ ഉത്ഭവം. *മിഷൻ* എന്ന പദം അയക്കപ്പെട്ടവന്റെ ദൗത്യത്തെ സൂചിപ്പിക്കുന്നു. *മിഷനറി* എന്നാൽ അയക്കപ്പെട്ടവൻ എന്നാണർത്ഥം. നമ്മുടെ കർത്താവായ ഈശോമിശിഹാ, പിതാവിന്റെ പക്കലേക്ക് മടങ്ങുന്നതിനു മുമ്പ് തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ച കടമയും, സുപ്രധാനവും വിശുദ്ധവുമായ ദൗത്യവുമാണ് സഭയുടെ മിഷൻ അഥവാ പ്രേഷിതത്വം. അന്നുമുതൽ, നൂറ്റാണ്ടുകൾക്കിപ്പുറവും, ലോകത്തിന്റെ എല്ലാ കോണുകളിലേക്കും ശുശ്രൂഷകരെ അയച്ചുകൊണ്ട്, സഭ ഈ ദൗത്യം തുടരുന്നു (*Maximum Illud*, 1)

#### *1.1. പ്രേഷിതദൗത്യത്തിനുള്ള കല്പന*

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15); "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28,19) എന്ന ഈശോയുടെ പ്രേഷിതകല്പന എക്കാലവും പ്രസക്തമാണ്. ഈശോ ശിഷ്യന്മാർക്കു നല്കിയ ഈ കല്പന, ലോകം മുഴുവനും അവനു സാക്ഷികളായിരിക്കുക എന്നതാണ് (ലൂക്കാ 24,46-49, അപ. പ്ര. 1, 8). അതിനാൽ, ഈശോയുടെ ആ പ്രേഷിതകല്പന അവന്റെ ശ്ലീഹന്മാർക്കു മാത്രം ലഭിച്ചതായിരുന്നില്ല, അവനിൽ വിശ്വസിക്കുന്ന ഏവർക്കുമുള്ളതാണ് (LG. 17; AG. 23).

#### *1.2. പ്രേഷിതത്വത്തിന്റെ ത്രിത്വൈക മാനം*

രക്ഷയുടെ സാർവ്വത്രിക കൂദാശയായ സഭ (LG. 48) അവളുടെ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ് (AG. 2). പിതാവായ ദൈവത്തിന്റെ സ്നേഹമാകുന്ന നീരുറവയിൽ നിന്നാണ് എല്ലാ പ്രേഷിതപ്രവർത്തനങ്ങളും ഒഴുകുന്നത്. മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു. അതുകൊണ്ട്, എല്ലാ പ്രേഷിത ദൗത്യത്തിന്റെയും ഉത്ഭവം പുത്രന്റെ ലോകത്തിലേക്കുള്ള അയയ്ക്കപ്പെടലാണ്. ഈശോ തന്റെ പെസഹാരഹസ്യത്തിലൂടെ എല്ലാവർക്കുംവേണ്ടി രക്ഷ നേടിയെടുത്തു. അവൻ നേടിത്തന്ന രക്ഷ സ്വന്തമാക്കാൻ മനുഷ്യരെ സഹായിക്കുന്നതിനായി ദൈവം പരിശുദ്ധാത്മാവിനെ അയച്ചു.

പിതാവായ ദൈവത്തിന്റെ പദ്ധതിപ്രകാരമുള്ള പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷിതത്വത്തിൽനിന്നാണ് സഭയുടെ പ്രേഷിത ദൗത്യത്തിന്റെ ഉത്ഭവം.

#### *1.3. സഭയുടെ പ്രേഷിതദൗത്യം*

ഈശോ തന്റെ പ്രേഷിതദൗത്യം അപ്പസ്തോലന്മാരെ ഭരമേല്പിച്ചു. "പിതാവ് പുത്രനെ അയച്ചതുപോലെ, പുത്രൻ അപ്പസ്തോലന്മാരെ അയച്ചു" (LG. 17). അതുവഴി, ദൈവത്തിന്റെ രാജ്യം പ്രസംഗിക്കാനും എല്ലാ ജനപദങ്ങളിലും ദൈവരാജ്യം സ്ഥാപിക്കാനുമുള്ള കല്പനയാണ് സഭ സ്വീകരിച്ചിരിക്കുന്നത് (LG. 5). അതിനാൽ, ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ സാർവ്വത്രികപദ്ധതിയിൽ ക്രിസ്തുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണു സഭ. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുക എന്നതു തങ്ങളുടെ പ്രഥമദൗത്യമായി ആദിമസഭാസമൂഹങ്ങൾ കരുതി (1 കോറി. 1, 17). ക്രിസ്തുവിന്റെ രക്ഷയും ക്രിസ്തുവിലുള്ള വിശ്വാസവും പ്രചരിപ്പിക്കുന്നതിനുള്ള ഈ പ്രേഷിതപ്രവർത്തനം ഏവരുടെയും അനിവാര്യമായ കടമയാണ്.

പോൾ ആറാമൻ മാർപാപ്പാ സുവിശേഷ പ്രഘോഷണം (*Evangelii Nuntiandi*) എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ പഠിപ്പിക്കുന്നതുപോലെ "സുവിശേഷവത്കരണം സഭക്കു ലഭിച്ച കൃപയും വിളിയുമാണ്. സുവിശേഷവത്കരണത്തി

നുവേണ്ടിയാണു സഭ നിലനിൽക്കുന്നത്" (EN. 14). സഭയുടെ സുവിശേഷവത്കരണദൗത്യം എന്നതുകൊണ്ടു ദൃശ്യമായ അതിരുകളോടുകൂടിയ ഭൂമിശാസ്ത്രപരമായ വളർച്ചയോ അവളുടെ അംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവോ മാത്രമല്ല അർത്ഥമാക്കുന്നത്, മറിച്ച് പ്രഘോഷണം, സാക്ഷ്യം നല്കൽ, സഭയെ കെട്ടിപ്പടുക്കൽ, പരസ്നേഹപ്രവൃത്തികൾ, അക്രൈസ്തവരുമായുള്ള സംവാദം, സാംസ്കാരികാനുരൂപണം, പാവങ്ങളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും പക്ഷംചേരൽ, കുടിയേറ്റക്കാരുടെയിടയിലെ പ്രേഷിതദൗത്യം, നവ സുവിശേഷവത്കരണം, മാനുഷികാഭിവൃദ്ധി, നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള പ്രയത്നങ്ങൾ, സൃഷ്ടിയുടെ സമന്വയം എന്നിവയുമാണ്.

## 2. മാർത്തോമ്മാ ക്രിസ്ത്യാനികളും സുവിശേഷവത്കരണവും

തോമ്മാശ്ലീഹാ എ.ഡി. 52-ൽ ഭാരതത്തിൽ എത്തിച്ചേരുകയും സുവിശേഷപ്രഘോഷണം നടത്തുകയും സഭ സ്ഥാപിക്കുകയും ചെയ്തു. എ.ഡി. 72-ൽ മൈലാപ്പൂരിൽവച്ചു രക്തസാക്ഷിയാകുന്നതിനു മുമ്പു ദക്ഷിണ ഭാരതത്തിൽ അദ്ദേഹം ഏഴു സഭാസമൂഹങ്ങൾ സ്ഥാപിച്ചു. ഈ അപ്പസ്തോലിക സഭയുടെ പിൻതലമുറക്കാർ മാർത്തോമ്മാ ക്രിസ്ത്യാനികൾ (മാർതോമ്മാ നസ്രാണികൾ) എന്ന് വിളിക്കപ്പെട്ടു. സ്ഥാപക അപ്പസ്തോലന്റെ പേരിൽ അറിയപ്പെടുന്ന ഏക സഭയാണിതെന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. തോമ്മാശ്ലീഹായാൽ സ്ഥാപിതമായ സഭാസമൂഹങ്ങൾ അന്യമതവിശ്വാസികൾക്കു മേൽക്കൈയുള്ള ഒരു സാംസ്കാരിക പശ്ചാത്തലത്തിൽപ്പോലും കാലത്തിന്റെ പരീക്ഷകൾ അതിജീവിച്ച് നിലനിന്നു എന്നു മാത്രമല്ല, മറ്റു സ്ഥലങ്ങളിലേക്കു വ്യാപിക്കുകയും ദ്രുതവളർച്ചയുള്ള ഒരു സഭയായി മാറുകയും ചെയ്തു.

### *2.1. പൗരസ്ത്യ സുറിയാനി പ്രേഷിതപാരമ്പര്യം*

ഭാരതത്തിലെ സുവിശേഷവത്കരണചരിത്രം പൗരസ്ത്യ സുറിയാനി സഭയിലെ സുവിശേഷവത്കരണവുമായി ബന്ധപ്പെട്ടു കിടക്കുന്നു. മദ്ധ്യകാലഘട്ടത്തിന്റെ അവസാനംവരെയുള്ള ക്രൈസ്തവ സാമ്രാജ്യത്തിൽ ഏറ്റവും അധികം സുവിശേഷവത്കരണചൈതന്യം പുലർത്തിയിരുന്ന സഭ പൗരസ്ത്യ സുറിയാനി സഭയായിരുന്നു. ഈ സഭയിലെ പ്രഘോഷകർ തുർക്കി, മംഗോളിയ, സൈബീരിയ, ചൈന, ജപ്പാൻ, ഇന്ത്യ എന്നീ രാജ്യങ്ങളുടെ ഉൾനാടുകളിൽപ്പോലും കടന്നു ചെന്നു. എ.ഡി. 345 ൽ ക്നായി തോമ്മായുടെ നേതൃത്വത്തിൽ ഭാരതത്തിലേക്കു കടന്നുവന്ന ക്രൈസ്തവ കുടുംബങ്ങൾ ഇതിന് ഉദാഹരമാണ്. ഈ സഭയുടെ പ്രേഷിതചൈതന്യം അത്ര തീക്ഷ്ണമായിരുന്നതിനാൽ "*അഗ്നിയിൽ ജ്വലിക്കുന്ന സഭ*" എന്നാണ് അറിയപ്പെട്ടിരുന്നത്. പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ ഈ സഭയിലെ വിശ്വാസികളുടെ എണ്ണം ലത്തീൻ-ബൈസന്റൈൻ സഭകളിലെ അംഗങ്ങൾ ഒന്നിച്ചുള്ള സംഖ്യയേക്കാൾ കൂടുതലായിരുന്നു. മാത്രമല്ല, ഭൂമിശാസ്ത്രപരമായി നോക്കിയാൽ അവർ റോമൻ സഭയേക്കാൾ അധികം പ്രദേശങ്ങളിലേക്കു വ്യാപിച്ചുമിരുന്നു. തങ്ങളുടെ സജീവവിശ്വാസം മറ്റു സമൂഹങ്ങൾക്കു (അന്യമതസ്ഥർക്കു) കൈമാറുന്നതായിരുന്നു അവരുടെ ശൈലി. സ്ഥാപനപരമായ വളർച്ചയോ ആളുകളുടെ എണ്ണത്തിലുള്ള വർദ്ധനവോ ആയിരുന്നില്ല, മറിച്ച്, ജീവിതാനുഭവങ്ങളുടെ തീക്ഷ്ണതയായിരുന്നു അവരുടെ പ്രേഷിതവളർച്ചയുടെ അളവുകോൽ. ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ പൗരസ്ത്യ സുറിയാനി സഭയോടുള്ള കൂട്ടായ്മയിൽ നിന്നുകൊണ്ട് സുവിശേഷവത്കരണത്തിൽ തങ്ങളുടേതായ പങ്കു വഹിച്ചിരുന്നു എന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### *2.2. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രേഷിത ശൈലി*

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു സുവിശേഷവത്കരണത്തിനായി അനന്യമെന്നു പറയാവുന്ന തങ്ങളുടെതന്നെ ഒരു ശൈലിയുണ്ടായിരുന്നു - ഭൂരിഭാഗംവരുന്ന മറ്റു മതവിശ്വാസികൾക്കിടയിൽ തങ്ങളുടെ ക്രൈസ്തവവിശ്വാസം കാത്തുസൂക്ഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്ന പ്രേഷിതശൈലി. ഫലലബ്ധിക്ക് അതിന്റേതായ സമയം എടുത്തിരുന്നുവെങ്കിലും അന്യവിശ്വാസങ്ങളുടെ മണ്ണിൽ ക്രൈസ്തവവിശ്വാസത്തിന്റെ വിത്തുകൾ പാകുന്നതുപോലെയായിരുന്നു അത്. തങ്ങൾ ജീവിച്ച സമൂഹത്തിൽ വളരെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു വലിയ സ്വാധീനമുണ്ടായിരുന്നു. "അവർ, ചുറ്റും പരന്ന അന്ധകാരത്തിന്റെ നടുവിൽ പ്രകാശനാളങ്ങളായി പ്രശോഭിച്ചിരുന്നു" എന്നു ചരിത്രകാരന്മാർ ഐക്യകണ്ഠേന സാക്ഷ്യപ്പെടുത്തുന്നുണ്ട്. ധാർമ്മികമായി വളരെ ഉന്നതമായനിലവാരം പുലർത്തിയിരുന്ന ഒരു സമൂഹമെന്ന നിലയിൽ അവർ ബഹുമാനിതരുമായിരുന്നു. മേൽജാതിക്കാരായ ഹൈന്ദവർ ക്രൈസ്തവസാന്നിദ്ധ്യം കാംക്ഷിച്ചിരുന്ന ഒരു കാലഘട്ടത്തിൽ, ക്രിസ്ത്യാനികൾ ജാതികളെത്തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി വർത്തിക്കുകയും ചെയ്തിരുന്നു. ഹൈന്ദവരും ക്രൈസ്തവരും തമ്മിൽ പരിപൂർണ്ണമായ ഒരു യോജിപ്പുണ്ടായിരുന്നു. പോർച്ചുഗീസുകാരുടെ ആഗമനത്തിനുമുമ്പു ഭാരതത്തിൽ ഇരുകൂട്ടരും പരസ്പരധാരണയോടെയും ഒത്തൊരുമയോടെയും ജീവിച്ചിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സാമൂഹികാചാരങ്ങളും പാരമ്പര്യങ്ങളും ജീവിതശൈലിയും വ്യക്തമാക്കുന്നത് അവർ മറ്റു മതവിഭാഗങ്ങളോടു ക്രിയാത്മകമായ ഒരു സമീപനം പുലർത്തിയിരുന്നു എന്നതാണ്. തങ്ങളുടെ ക്രൈസ്തവ വിശ്വാസവും ആരാധനക്രമവും പൂർണ്ണമായും കാത്തുസൂക്ഷിച്ചുകൊണ്ടു പല നല്ല ഹൈന്ദവ ആചാരക്രമങ്ങളും തങ്ങളുടെ ജീവിതശൈലിയാക്കുവാൻ അവർക്കു സാധിച്ചു എന്നതാണു ഹിന്ദുക്കളുമായുള്ള അവരുടെ ബന്ധത്തിൽ സവിശേഷശ്രദ്ധയാകർഷിക്കുന്ന വസ്തുത.

### *2.3. പാശ്ചാത്യമിഷനറിമാരും സീറോ മലബാർ സഭയും*

പാശ്ചാത്യമിഷനറിമാരുടെ വരവോടുകൂടി ലത്തീൻ സഭയും മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിൽ സമ്പർക്കമുണ്ടായി. കാലക്രമത്തിൽ, 1599 ലെ ഉദയംപേരൂർ സൂനഹദോസ്, 1653 ലെ കൂനൻകുരിശു സത്യം എന്നീ സംഭവങ്ങൾക്ക്

ശേഷം മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻ അധികാരത്തിന്റെ കീഴിലാക്കപ്പെടുകയും ഭാരതം മുഴുവനും അവർക്കുണ്ടായിരുന്ന അധികാരപരിധി തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമായി പരിമിതപ്പെടുകയും ചെയ്തു. പിന്നീട്, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകം പുനഃസ്ഥാപിക്കുന്നതിന്റെ ആദ്യപടിയെന്നവണ്ണം 1887-ൽ പരിശുദ്ധ സിംഹാസനം മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു വേണ്ടി തൃശൂർ, കോട്ടയം എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കുകയും, അങ്ങനെ അവരെ ലത്തീൻ അധികാരപരിധിയിൽനിന്നു വേർതിരിക്കുകയും ചെയ്തു. പൈതൃക പുനഃസ്ഥാപനത്തിന്റെ അടുത്തപടിയായി മാർപാപ്പാ 1923-ൽ എറണാകുളത്തെ അതിരൂപതാ കേന്ദ്രമാക്കിക്കൊണ്ട് സീറോ-മലബാർ സ്വയംഭരണസംവിധാനം (Hierarchy) സ്ഥാപിച്ചു. എങ്കിലും, 1953 ൽ തലശ്ശേരി രൂപതാ സ്ഥാപനത്തോടെയും 1955 ൽ ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി തെക്കോട്ട് കന്യാകുമാരി വരെ വ്യാപിച്ചതോടെയും ആയിരുന്നു ഭാരതപ്പുഴയ്ക്കും പമ്പാനദിയ്ക്കും ഇടയിലുള്ള പ്രദേശങ്ങളുടെ അതിരുകൾക്കപ്പുറത്തേയ്ക്ക് സീറോ മലബാർ സഭയ്ക്ക് പ്രേഷിതപ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുന്നത്.

### *2.4. സീറോ മലബാർ സഭയുടെ പ്രേഷിതമുന്നേറ്റം*

സഭയുടെ സുവിശേഷവത്കരണദൗത്യത്തിൽ സീറോ-മലബാർ സഭ അനന്യമായ ഒരു പങ്കു വഹിക്കുന്നുണ്ട്. പൗരസ്ത്യ കത്തോലിക്കാ പാരമ്പര്യവും ഭാരതീയ പൈതൃകവും ഒരുപോലെ സ്വന്തമാക്കിയിരിക്കുന്നവർ എന്ന നിലയിൽ നാം സവിശേഷവിധത്തിൽ അനുഗ്രഹിക്കപ്പെട്ടവരാണ്. അതുകൊണ്ടുതന്നെ, നമ്മുടെ രാജ്യത്തിന്റെ സുവിശേഷവത്കരണത്തിനു പ്രാമുഖ്യം കൊടുക്കുവാൻ നാം ബാദ്ധ്യസ്ഥരുമാണ്. ഭൂരിപക്ഷംവരുന്ന അക്രൈസ്തവ ജനങ്ങൾക്കിടയിൽ രണ്ടു സഹസ്രാബ്ദക്കാലം ജീവിച്ചുകൊണ്ട് അതിവിശിഷ്ടമായ രീതിയിൽ നാം വിശ്വാസത്തിനു സാക്ഷ്യം വഹിച്ചു എന്നതും അതിനോടു ചേർത്തു പറയേണ്ട ഒരു വസ്തുതയാണ്. ഭാരതത്തിലും ലോകം മുഴുവനിലും പ്രേഷിതരെ അയയ്ക്കുന്നതിനുള്ള സഭയുടെ ഊർജ്ജസ്വലത നമ്മുടെ പ്രത്യേക പ്രേഷിതപങ്കാളിത്തം പ്രകടമാക്കുന്നു. സമൃദ്ധമായ ധാരാളം പ്രേഷിത ദൈവവിളികളാൽ അനുഗൃഹീതയായ സീറോ-മലബാർ സഭയുടെ പ്രേഷിതരെ ലോകത്തെല്ലായിടത്തും കാണാൻ സാധിക്കും.

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അക്രൈസ്തവ സമൂഹങ്ങളുടെയിടയിൽ പ്രേഷിതവേല ചെയ്യുവാൻ സീറോ മലബാർ സഭാമക്കൾ അതിയായി ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി ലത്തീൻ രൂപതകളിലും സന്യസ്ത സമൂഹങ്ങളിലും അംഗങ്ങളായി ചേർന്ന് ധാരാളം സീറോ മലബാർ സഭാംഗങ്ങൾ പ്രേഷിതപ്രവർത്തനം നടത്തിയിരുന്നു. പിന്നീട്, പരി. സിംഹാസനം സീറോ മലബാർ സഭയ്ക്ക് ഭാരതത്തിൽ മിഷൻ രൂപതകൾ അനുവദിച്ചു തന്നു. അപ്രകാരം 1962 ൽ ലഭിച്ച ആദ്യത്തെ മിഷൻ മേഖലയാണ് പിന്നീട് 1977 ൽ രൂപതയായി ഉയർത്തപ്പെട്ട ഛാന്ദാ. അതിനുശേഷം, ഉത്തര ഭാരതത്തിൽ സത്ന, സാഗർ, ഉജ്ജൈൻ, ബിജ്നോർ, രാജ്കോട്ട്, ഗോരഖ്പൂർ, ജഗദൽപൂർ, കല്യാൺ, അദിലാബാദ്, ഫരീദാബാദ്, ഷംഷാബാദ്, എന്നീ മിഷൻ രൂപതകളും, ദക്ഷിണ ഭാരതത്തിൽ തക്കല, ബൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യാ, രാമനാഥപുരം, ഹൊസൂർ എന്നീ മിഷൻ രൂപതകളും. ഷംഷാബാദ്, ഹൊസൂർ രൂപതകളുടെ സ്ഥാപനത്തോടെ, ഇന്ന്, ഭാരതം മുഴുവനും അജപാലനത്തിനും സുവിശേഷവത്കരണത്തിനും ഉള്ള സ്വാതന്ത്ര്യവും അവകാശവും കടമയും ഓരോ സീറോ മലബാർ സഭാ വിശ്വാസിക്കുമുണ്ട്. മെച്ചപ്പെട്ട ജോലിയും ജീവിത സാഹചര്യങ്ങളും തേടി സീറോ മലബാർ സഭാ വിശ്വാസികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് ജീവിക്കുന്നു. അവരുടെ അജപാലന ശുശ്രൂഷയ്ക്കായി ഭാരതത്തിന് പുറത്ത് ചിക്കാഗോ, ഓസ്ട്രേലിയ, ഗ്രേറ്റ് ബ്രിട്ടൻ, കാനഡ എന്നീ സ്ഥലങ്ങൾ ആസ്ഥാനങ്ങളായി സീറോ മലബാർ സഭയ്ക്ക് രൂപതകൾ ലഭിച്ചു. അവരുടെ തീക്ഷ്ണതയുള്ള വിശ്വാസജീവിതം അവിടുത്തെ ജനങ്ങൾക്കു മുൻപിൽ വലിയ സാക്ഷ്യമായി നിലകൊള്ളുന്നു.

### *2.5. സീറോ–മലബാർ സഭയുടെ പ്രേഷിതമുന്നേറ്റവും സന്യസ്ത സമൂഹങ്ങളും*

സാർവത്രിക സഭയിലെന്നതുപോലെ സീറോ മലബാർ സഭയുടെ പ്രേഷിതമുന്നേറ്റത്തിലും സന്യസ്ത സമൂഹങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. സീറോ മലബാർ സഭയ്ക്ക് അധികാരപരിധിയ്ക്ക് പുറത്ത് പ്രേഷിതപ്രവർത്തന സ്വാതന്ത്ര്യം ഇല്ലാതിരുന്ന കാലത്ത്, ലത്തീൻ സമർപ്പിത സമൂഹങ്ങളും അവയുടെ സീറോ മലബാർ ശാഖകളും, സീറോ മലബാർ സഭയിൽ ഉദയം കൊണ്ട സമർപ്പിത സമൂഹങ്ങളും, സീറോ മലബാർ സഭാംഗങ്ങളുടെ പ്രേഷിതതീക്ഷ്ണതയ്ക്ക് വഴിയൊരുക്കിയിട്ടുണ്ട്. പ്രവാസികളായ സീറോ മലബാർ വിശ്വാസികളുടെ അജപാലനത്തിൽ ഇവർ പ്രത്യേക ശ്രദ്ധ പുലർത്തുകയും മിഷൻ മേഖലകളിൽ സുവിശേഷമറിയിക്കുന്നതിൽ നിഷ്കർഷ പുലർത്തുകയും ചെയ്തിട്ടുണ്ട്. സീറോ മലബാർ സഭയ്ക്കുവേണ്ടി മിഷൻ മേഖലകൾ ഏറ്റെടുത്ത് അവയെ രൂപതാ സംവിധാനത്തിലേക്കെത്തിക്കുന്നതിന് ആദ്യം മുന്നോട്ടിറങ്ങിയത് സമർപ്പിത സമൂഹങ്ങൾ ആയിരുന്നു. ഇതിൽ, CMI, MST, CST, VC, MCBS എന്നീ സമൂഹങ്ങളുടെ ഭാഗഭാഗിത്വവും ലത്തീൻ സമർപ്പിത സമൂഹങ്ങളുടെ സീറോ മലബാർ ശാഖകളുടെ ഭാഗധേയവും പ്രത്യേകം അനുസ്മരിക്കപ്പെടേണ്ടതാണ്. കൂടാതെ, സീറോ മലബാർ സന്യാസിനീ സമൂഹങ്ങളും, ലത്തീൻ സന്യാസിനീ സമൂഹങ്ങളും അവയുടെ സീറോ മലബാർ ശാഖകളും സീറോ മലബാർ സഭയോടൊപ്പം മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സഭയുടെ മിഷനറിപ്രവർത്തനങ്ങളിലെ അനിവാര്യഘടകമായ ഇവരുടെ സേവനം സുവിശേഷപ്രഘോഷണത്തിലും അതുവഴി തിരുസഭയെ പടുത്തുയർത്തുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്നു.

## 3. സുവിശേഷവത്കരണദൗത്യത്തിന്റെ മാർഗ്ഗങ്ങൾ

തന്റെ ദൗത്യം ഭൂമിയിൽ തുടർന്നുകൊണ്ടുപോകാനാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്ന അപ്പസ്തോലന്മാർ ജീവിതസാക്ഷ്യം, പ്രഘോഷണം, പ്രതിജ്ഞാബദ്ധത എന്നിവവഴി അതു നിർവ്വഹിച്ചു. അപ്പസ്തോലന്മാർ സ്ഥാപിച്ച സഭാസമൂഹങ്ങൾ ഈ പ്രേഷിതദൗത്യത്തിൽ പങ്കുചേരുന്നു. ഒരു വ്യക്തിയുടെ ആഴമായ ക്രിസ്ത്വനുഭവത്തിന്റെയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള തീക്ഷ്ണതയുടെയും ഫലമാണു പ്രേഷിതത്വം. ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞപ്പോൾ, തങ്ങളുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത് പുറമേനിന്നുള്ള ഒരു കല്പന എന്നതിനെക്കാൾ തങ്ങളുടെതന്നെ കടമയായി അവർക്ക് അനുഭവപ്പെട്ടു. മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ അവരെ നിർബന്ധിതരാക്കുംവിധം അത്ര ശക്തമായിരുന്നു അവർക്കു സിദ്ധിച്ച ഉത്ഥിതന്റെ അനുഭവം. ഈശോയുമായുള്ള ഈ ആഴമേറിയ വ്യക്തിപരമായ അനുഭവമാണ് നമ്മുടെ വിശ്വാസപിതാവായ മാർത്തോമ്മാ ശ്ലീഹായെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉദ്ഘോഷിക്കുവാൻ സഹായിച്ചത്. ഈ തീക്ഷ്ണമായ ക്രിസ്ത്വനുഭവം, തോമ്മാ ശ്ലീഹായെ അദ്ദേഹത്തിന്റെ പ്രേഷിതജീവിതത്തിൽ പ്രചോദിപ്പിക്കുകയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. വി. തോമ്മാ ശ്ലീഹായുടെ ഈ മാതൃകയാണു മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്. ആഴത്തിലുള്ള ദൈവാനുഭവത്തിന്റെയും ധ്യാനത്തിന്റെയും ഫലമാണു പ്രേഷിതപ്രവർത്തനം എന്നതിനാൽ, നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യത്യസ്തങ്ങളായ സമീപനങ്ങളും ആഭിമുഖ്യങ്ങളും നമ്മൾ സ്വീകരിക്കണം.

### *3.1. പരസ്യ സുവിശേഷ പ്രഘോഷണം*

സുവിശേഷ പ്രഘോഷണം ഏറ്റവും മഹത്തായ പ്രേഷിതത്വമാണ്. കാരണം, ഈശോയെ അറിയുവാനും ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ മനസ്സിലാക്കുവാനും പ്രഘോഷണം വഴിയാണു സാധിക്കുന്നത്. "സുവിശേഷ പ്രഘോഷണം യഥാർത്ഥത്തിൽ സഭയുടെ ദൈവവിളിയും കടമയുമാണ് " (EN. 14). ക്രിസ്തുവിനെ ഉദ്ഘോഷിക്കലാണ് സുവിശേഷവത്കരണത്തിന്റെ സത്തയും സർവ്വസ്വവും. മനുഷ്യവംശത്തിനും ദൈവത്തിനും ഇടയിൽ അനന്യനായ മദ്ധ്യസ്ഥനാണ് ക്രിസ്തു എന്ന് സഭ പ്രഘോഷിക്കണം. കാരണം, "വിശ്വാസം കേൾവിയിൽനിന്നും, കേൾവി ക്രിസ്തുവിനെപ്പറ്റിയുള്ള പ്രസംഗത്തിൽ നിന്നുമാണ് " (റോമാ 10: 17). പ്രസംഗമില്ലാതെ കേൾവിയോ, കേൾവിയില്ലാതെ വിശ്വാസമോ, വിശ്വസമില്ലാതെ രക്ഷയോ ഇല്ല. അതിനാലാണ്, "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!" (റോമാ 10: 17) എന്ന് എഴുതപ്പെട്ടിരിക്കുന്നത്. "യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ രക്ഷപ്രാപിക്കും" (റോമാ 10: 9)

ഒരിക്കൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച വിശ്വാസിക്ക്, തനിക്കു ലഭിച്ച വിശ്വാസമെന്ന ദാനം മറ്റുള്ളവരുമായി പങ്കുവയ്ക്കാതെ അലസനായിരിക്കുവാൻ സാധിക്കുകയില്ല. ദൈവപുത്രനായ നസ്രത്തിലെ യേശുവിന്റെ നാമവും പ്രബോധനവും ജീവിതവും വാഗ്ദാനവും രാജ്യവും രഹസ്യവും ഉദ്ഘോഷിക്കപ്പെടുന്നില്ലെങ്കിൽ അവിടെ യഥാർത്ഥ സുവിശേഷവത്കരണം നടക്കുന്നില്ല (EN. 22). സുവിശേഷസന്ദേശത്തിൽ വെള്ളം ചേർക്കലുണ്ടാകരുത്. "സുവിശേഷ സന്ദേശം പ്രകടിപ്പിക്കുവാനുള്ള ശ്രമത്തിൽ അതിന്റെ ഉള്ളടക്കം നിസ്സാരമാക്കപ്പെടുകയോ മലിനമാക്കപ്പെടുകയോ ചെയ്താൽ സുവിശേഷവത്കരണത്തിന്റെതന്നെ അന്തസ്സത്ത നഷ്ടപ്പെടുകയും പൂർണ്ണമായി അപ്രത്യക്ഷമാകുകയും ചെയ്യുകയെന്ന അപകടസാദ്ധ്യതയുണ്ട്" (EN. 63).

യൂദായായിലെയും സമരിയായിലെയും ജറൂസലെമിലെയും പട്ടണങ്ങളും ഗ്രാമങ്ങളും ചുറ്റിനടന്ന തീർത്ഥാടക പ്രഘോഷകരായിരുന്നു യേശുവും ശിഷ്യന്മാരും. അതുപോലെ വിജയംവരിച്ച ധാരാളം തീർത്ഥാടകസുവിശേഷപ്രഘോഷകർ ആദിമസഭയിൽ ഉണ്ടായിരുന്നു. നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ ഒരു തീർത്ഥാടക പ്രേഷിതനായിരുന്നു. നമ്മൾ സ്വായത്തമാക്കിയ ദൈവാനുഭവം പ്രസരിപ്പിച്ചുകൊണ്ടും നമ്മുടെ സ്വർഗ്ഗീയാനന്ദവും ഉത്സാഹവും ജനങ്ങളുമായി പങ്കുവച്ചുകൊണ്ടും എല്ലായിടത്തും ചുറ്റിസഞ്ചരിക്കുന്നത്, ഭാരതത്തിന്റെയും ഏഷ്യയുടെയും പശ്ചാത്തലത്തിൽ വളരെ ശക്തമായ ഒരു പ്രേഷിത മാർഗ്ഗമായിരിക്കും.

### *3.2. ജീവിതസാക്ഷ്യം*

ഓരോ ക്രിസ്ത്യാനിയും ഈശോയ്ക്കു സാക്ഷ്യം വഹിക്കുവാനാണു വിളിക്കപ്പെട്ടിരിക്കുന്നത് (അപ്പ. പ്ര. 1, 8). സത്യസന്ധമായ ജീവിതസാക്ഷ്യം ഫലപ്രദമായ സുവിശേഷവത്കരണത്തിനു അത്യന്താപേക്ഷിതമായ ഒരു നിബന്ധനയാണ്. പ്രേഷിതത്വം എപ്പോഴും സാക്ഷ്യം തന്നെയാണ്. സാക്ഷ്യം കൂടാതെയുള്ള പ്രഘോഷണം കേൾവിക്കാരിൽ ഒരു ചലനവും സൃഷ്ടിക്കുകയില്ല. യഥാർത്ഥമായ ക്രൈസ്തവജീവിതംതന്നെ സാക്ഷ്യമാണ്. സദ്വാർത്തയുടെ വാചികമല്ലാത്തതും അതേസമയം ഫലപ്രദവും ശക്തവുമായ നേരിട്ടുള്ള സുവിശേഷപ്രഘോഷണം അസാദ്ധ്യമാകുന്നിടത്ത്, നമ്മുടെ കർത്താവു കല്പിച്ചതുപോലെ, യഥാർത്ഥ ക്രൈസ്തവജീവിതസാക്ഷ്യംവഴി നാം സുവിശേഷസന്ദേശം പ്രസരിപ്പിക്കണം (LK. 24, 48). നമ്മുടെ പ്രേഷിത പരിശ്രമങ്ങളിൽ ജീവിതസാക്ഷ്യത്തിനായിരിക്കണം മുൻഗണന. ആഴത്തിൽ വേരോടിയ വിവിധ മതപാരമ്പര്യങ്ങൾ

പിന്തുടരുന്ന വിശ്വാസികളുള്ള ഭാരതത്തിൽ, ക്രിസ്ത്യാനികളുടെ ജീവിതംതന്നെ സുവിശേഷമൂല്യങ്ങൾ പ്രസരിപ്പിക്കുന്നതിനുള്ള ഏറ്റവും മഹത്തായ മാർഗ്ഗമാണ്.

പ്രാർത്ഥനയുടെയും ആദ്ധ്യാത്മികതയുടെയും ചൈതന്യം ഭാരതത്തിലെ മറ്റു മതപാരമ്പര്യങ്ങളുടെ (ഹിന്ദുമതം, ബുദ്ധമതം) ഒരു സവിശേഷതയാണ്. പൗരസ്ത്യ സഭകളുടെ സവിശേഷത അടങ്ങിയിരിക്കുന്നതും അവയുടെ ആരാധനക്രമത്തിലും ആദ്ധ്യാത്മികതയിലെ ധ്യാനാത്മക സമീപനത്തിലുമാണ്. അതുകൊണ്ട്, പ്രാർത്ഥനയ്ക്കും ധ്യാനാത്മകതയയ്ക്കും വളരെ പ്രാധാന്യം നല്കുന്ന ദൈവാരാധകരുടെ ഒരു സമൂഹമായി നമ്മെത്തന്നെ അവതരിപ്പിക്കേണ്ടത് അവശ്യം നിർവ്വഹിക്കപ്പെടേണ്ട ചുമതലയാണ്.

### *3.3. മതങ്ങളുമായുള്ള സംവാദം*

സുവിശേഷം ഒരിക്കലും ആരുമില്ലാത്തിടത്തു പ്രഘോഷിക്കപ്പെടുന്നില്ല. പ്രത്യേക ജീവിത പശ്ചാത്തലങ്ങളുള്ള ജനങ്ങളോടാണു സുവിശേഷം പ്രസംഗിക്കപ്പെടുന്നത്. ഭാരതത്തിലെ അക്രൈസ്തവരുടെ ഇടയിൽ വിശ്വാസം അവതരിപ്പിക്കുന്നതിന് പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അവരുടെ തനതായ മാർഗ്ഗങ്ങളും ഉപാധികളും ഉണ്ടായിരുന്നു; അതായത്, ഭാരതത്തിലെ ക്രൈസ്തവരുടെയും ഹിന്ദുക്കളുടെയും ഇടയിൽ ഒരു 'സംവാദജീവിതം'(life of dialogue) നിലനിന്നിരുന്നു (*ആചരണേന പ്രഘോഷയതി*). ദൈവത്തിന്റെ സാർവ്വത്രിക രക്ഷാകരസ്നേഹത്തിലും മറ്റു മതങ്ങളിലെ സത്യവും പരിശുദ്ധവുമായവയെ അംഗീകരിക്കുന്നതിലുമാണ് സംവാദം അടിസ്ഥാനപ്പെട്ടിരിക്കുന്നത്.

സംവാദത്തിലേർപ്പെട്ടിരിക്കുന്ന ഒരു പ്രേഷിതൻ ചുറ്റുപാടുമുള്ള ജനങ്ങളുമായി നല്ല ബന്ധത്തിൽ ജീവിക്കുകയും അകലെയുള്ളവരെ, അവർ വിരുദ്ധാശയഗതിക്കാരും എതിരാളികളുമാണെന്ന് അറിഞ്ഞാൽപോലും, സഹായിക്കുവാൻ സന്നദ്ധനായിരിക്കുകയും ചെയ്യുന്നു. ഇത്, സ്വഭാവിക മനുഷ്യത്വത്തിലുപരി ദൈവികകല്പനയാണ്. സംവദിക്കുന്ന മനുഷ്യൻ പ്രാർത്ഥിക്കുകയും പ്രാർത്ഥനയിലൂടെ താൻ എത്തിച്ചേരുന്ന ഇടങ്ങളിലെല്ലാം ദൈവികസാന്നിദ്ധ്യത്തെയും സ്നേഹത്തെയും തിരിച്ചറിയുന്നതിനുള്ള സൂക്ഷ്മശ്രദ്ധ വളർത്തിയെടുക്കുകയും ചെയ്യുന്നു.

ഭാരതത്തിലെ ബഹുമതവിശ്വാസപശ്ചാത്തലത്തിൽ വിവിധ മതങ്ങളിലെ വിശ്വാസികൾ തമ്മിൽ നിരന്തരം ബന്ധപ്പെട്ടാണു ജീവിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ, സംവാദമെന്നതു പ്രേഷിതരെ സംബന്ധിച്ചിടത്തോളം ഐച്ഛികമല്ല, മറിച്ച് അനിവാര്യമാണ്. അത്തരം സംവാദത്തിന് മാനുഷിക ഗുണങ്ങൾ ആവശ്യമാണെങ്കിലും അവ മാത്രം പോരാ. സംവാദം സഭയുടെ പ്രേഷിതത്വത്തിന്റെ അവിഭാജ്യഘടകമായതിനാലും മറ്റു മതവിശ്വാസികളുടെ ഇടയിലുള്ള പ്രേഷിതത്വത്തിന്റെ പ്രകാശനമായതിനാലും (EA. 31), ഒരു പ്രേഷിതന് സംവാദത്തിന് മുന്നിട്ടിറങ്ങുവാൻ പരിശുദ്ധാത്മാവിന്റെ സവിശേഷദാനങ്ങൾ വേണ്ടിയിരിക്കുന്നു.

### *3.4. മാനുഷിക ഉന്നമനവും സമൂഹത്തിന്റെ പുരോഗതിയും*

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ *ജനതകളുടെ പ്രകാശം* എന്ന അജപാലനപ്രമാണരേഖയിൽ പറയുന്നു: "നമ്മുടെ രക്ഷ ഭൗതികവും ഭൗമികവുമായ യാഥാർത്ഥ്യങ്ങളുടെ പരിവർത്തനത്തിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധതയുമായും ഒരു പുതിയ സമൂഹത്തിന്റെ സൃഷ്ടിയുമായും വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നു" (GS. 43).

മാനുഷിക ഉന്നമനത്തിനായുള്ള എല്ലാ ഉദ്യമങ്ങളെയും സഭ തന്റെ ദൗത്യത്തിന്റെ അവിഭാജ്യ ഭാഗമായി പരിഗണിക്കണം (GS. 1, 8, 29; EN. 30-38). മാനുഷിക വികസനത്തിനായുള്ള ഉദ്യമങ്ങളുടെ സദ്വാർത്ത മനുഷ്യവിമോചനത്തിന്റെ സദ്വാർത്തയിൽനിന്ന് അകന്നുനില്ക്കുന്ന ഒന്നായിക്കൂടാ. മാനുഷിക ഉന്നമനത്തിനായുള്ള പരിശ്രമം സുവിശേഷവത്കരണത്തെ സംബന്ധിച്ചിടത്തോളം ബാഹ്യമായ വസ്തുതയല്ലെന്നും, അതു സുവിശേഷത്തിന്റെ അന്തസ്സത്തയുടെ ഭാഗമാണെന്നുമുള്ള ബോധ്യം പ്രേഷിതർക്കുണ്ടാകണം. ജനങ്ങളുടെയും സമൂഹത്തിന്റെയും മനുഷ്യവത്കരണത്തിനായി കൂടുതൽ മനുഷ്യത്വപരമായ ഒരു പരിസ്ഥിതി പടുത്തുയർത്തുവാൻ സഭ പ്രയത്നിക്കണം.

പട്ടിണിയും ഇല്ലായ്മയും പാർശ്വവത്കരണവും ചൂഷണവും അവമാനവീകരണവും സാമൂഹിക യാഥാർത്ഥ്യങ്ങളായി ഇന്നും ലോകത്തിൽ തുടരുന്നു. വലിയൊരു ജനസമൂഹത്തിന് അടിസ്ഥാന മനുഷ്യാവകാശങ്ങൾപോലും നിഷേധിക്കപ്പെടുന്നു. സുവിശേഷവത്കരണം സമഗ്രവിമോചനത്തിന്റെയും സമഗ്രവികസനത്തിന്റെയും പുതിയ മാനങ്ങൾ സ്വീകരിക്കണം.

### *3.5. സാംസ്കാരിക അനുരൂപണം*

സുവിശേഷസന്ദേശം വിവിധ സംസ്കാരങ്ങളുമായി അർത്ഥവത്തായ രീതിയിൽ കൂടിച്ചേരുമ്പോൾ സംഭവിക്കുന്നതാണു സാംസ്കാരികാനുരൂപണം. ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു മാധ്യമത്തിലൂടെയായിരിക്കണം സുവിശേഷസന്ദേശം അവരിൽ എത്തിക്കേണ്ടത്. അതുകൊണ്ട് സഭാജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും സാംസ്കാരിക അനുരൂപണം വ്യാപിക്കപ്പെടേണ്ടതാണ്. ആരാധനക്രമ വസ്ത്രധാരണരീതിയിലോ കലയിലോ സംഗീതത്തിലോ ചെറിയ ചെറിയ മാറ്റങ്ങൾ വരുത്തിയതുകൊണ്ടുമാത്രം ഏതെങ്കിലും സഭയ്ക്കു താൻ പ്രാദേശിക സംസ്കാരത്തിൽ ശരിയായ രീതിയിൽ സാംസ്കാരിക അനുരൂപണം നടത്തിയെന്ന് അവകാശപ്പെടാനാവില്ല. ആഴത്തിൽ വേരോടിയ അസ്തിത്വപരമായ

സ്വാംശീകരണമാണു സഭയ്ക്കു വേണ്ടത്. യഥാർത്ഥമായ സാംസ്കാരിക അനുരൂപണം എന്നതു ചില പേരുകൾ സ്വീകരിക്കുന്നതോ ചില മതപ്രതീകങ്ങൾ കടമെടുക്കുന്നതോ ഏതാനും മതാനുഷ്ഠാനങ്ങൾ സ്വീകരിക്കുന്നതോ അല്ല. സാംസ്കാരിക അനുരൂപണം സഭയുടെ മുഴുവൻ യാഥാർത്ഥ്യങ്ങളെയും ഉൾക്കൊള്ളേണ്ടതാണ്.

ഒരു സംസ്കാരത്തെയും അശുദ്ധമെന്നോ ദൈവവചനരഹിതമെന്നോ പൗരസ്ത്യ ദൈവശാസ്ത്രം കരുതുന്നില്ല. പൗരസ്ത്യ സുറിയാനിക്കാരും ഗ്രീക്കുകാരും പ്രാദേശിക സംസ്കാരങ്ങളെ വളരെയേറെ വിലമതിക്കുന്നവരാണ്. ഇതു സീറോ മലബാർ പാരമ്പര്യത്തെ സംബന്ധിച്ചും വാസ്തവമാണ്.

ഭാരതത്തിലെ ഇതര സംസ്കാരങ്ങളുമായി കൂടുതൽ സൗഹാർദ്ദപരമായ സാഹചര്യമാണു ഭാരതത്തിലെ സീറോ-മലബാർ സഭയ്ക്കുള്ളത്. അവളുടെ ആരാധനാരീതിയും ജീവിതശൈലിയും, ഭാരതീയ പൈതൃകത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട്, സീറോ മലബാർ പ്രേഷിതർ തങ്ങളുടെ മിശിഹാനുഭവം പ്രാദേശിക സംസ്കാരത്തിന് അനുരൂപമായ രീതിയിൽ അവതരിപ്പിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്. സീറോ മലബാർ സഭ, താൻ പ്രേഷിത സുവിശേഷവത്കരണപ്രവൃത്തികളിൽ മുഴുകിയിരിക്കുന്ന എല്ലാ പ്രദേശങ്ങളുടെയും സ്ഥലങ്ങളുടെയും സാമൂഹിക സാംസ്കാരിക പാരമ്പര്യങ്ങളിലേക്കു തന്നെത്തന്നെ ഏല്പിച്ചുകൊടുക്കണം. എന്നാൽ, ദേശീയ സംസ്കാരത്തിന് അമിതപ്രാധാന്യം കല്പിക്കുന്നത് സുവിശേഷവത്കരണശ്രമങ്ങളെ ബാധിക്കുകയേയുള്ളൂ.

### *3.6. പ്രേഷിതപ്രവർത്തനവും മാധ്യമങ്ങളും*

അറിവു പകരുന്നതിലൂടെയും വിദ്യാഭ്യാസം നല്കുന്നതിലൂടെയും വിനോദം പകരുന്നതിലൂടെയും, അവ സമൃദ്ധമാക്കുന്നതിലൂടെയും, ലോകത്തെ സ്വാധീനിക്കുവാൻ മാധ്യമങ്ങൾക്ക് അതിയായ ശക്തിയുണ്ട്. *സുവിശേഷ പ്രഘോഷണം* (*Evangelii Nuntiandi*) എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ പോൾ ആറാമൻ മാർപാപ്പാ സുവിശേഷവത്കരണത്തിൽ മാധ്യമങ്ങളെ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത എടുത്തുപറയുന്നു: "മനുഷ്യ നൈപുണ്യം അനുദിനം പുരോഗമന വിധേയമാക്കുന്ന ശക്തമായ ഈ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയില്ലെങ്കിൽ സഭയ്ക്കു ദൈവതിരുമുമ്പിൽ കുറ്റബോധത്തോടെ നില്ക്കേണ്ടിവരും" (EN. 45). ക്രിസ്തുവിന്റെ സന്ദേശം ലോകമെങ്ങുമുള്ള ജനതകളെ അറിയിക്കുന്നതിൽ മാധ്യമങ്ങൾക്കു വളരെ പ്രധാനപ്പെട്ട ഒരു പങ്കുവഹിക്കാനുണ്ട്. തങ്ങളുടെ പ്രേഷിതദൗത്യത്തിലേക്കു ബഹുജനമാധ്യമങ്ങളെ ഉൾച്ചേർക്കുമ്പോൾ, ക്രിസ്തുവിന്റെയും അവിടുത്തെ സഭയുടെയും സേവനത്തിനായി, ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും ഫലങ്ങളെ നാം ഉപയോഗപ്പെടുത്തുന്നു. ആധുനിക ലോകത്തിൽ സഭയുടെ സുവിശേഷവത്കരണ കർമ്മപരിപാടികൾക്ക് മാധ്യമങ്ങളെ ഉപകരണങ്ങളാക്കണം. *രക്ഷകന്റെ മിഷൻ* (*Redemptoris Missio*) എന്ന ചാക്രികലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ മാധ്യമങ്ങളുടെ പ്രാധാന്യം എടുത്തുകാണിച്ചുകൊണ്ടു പ്രസ്താവിക്കുന്നു: "ക്രിസ്തീയ സന്ദേശവും സഭയുടെ ആധികാരിക പ്രബോധനങ്ങളും പ്രചരിപ്പിക്കുവാൻമാത്രം മാധ്യമങ്ങളെ ഉപയോഗപ്പെടുത്തിയാൽപ്പോരാ, പുതിയ ഭാഷകളും സാങ്കേതിക പ്രവർത്തനരീതികളും പുതിയ മനഃശാസ്ത്രവും ഉപയോഗപ്പെടുത്തിക്കൊണ്ട് ആധുനിക വാർത്താവിനിമയോപാധികൾ സൃഷ്ടിച്ച പുതിയ സംസ്കാരത്തിലേക്ക് ഈ സന്ദേശം സമന്വയിപ്പിക്കപ്പെടുകയും വേണം" (RM. 37)

ദൈവത്തിന്റെ സ്നേഹം ലോകത്തിനു പകരുവാൻ, ഇന്ന് ഏറ്റവും വേഗത്തിൽ വികസിക്കുന്ന സാങ്കേതിക വിദ്യയെന്ന നിലയിൽ, വാർത്താവിനിമയമാധ്യമങ്ങൾ ഉപയോഗപ്പെടുത്തണം. സാമൂഹിക വാർത്താവിനിമയത്തിനുള്ള സങ്കേതങ്ങളുടെ വിപുലമായ സാദ്ധ്യതകൾ കണ്ടെത്തി അവയെ സഭയുടെ ദൗത്യനിർവ്വഹണത്തിൽ പ്രയോജനപ്പെടുത്തണം. മനുഷ്യരുടെ മനസ്സുകളിലേക്കും ഹൃദയങ്ങളിലേക്കും എത്തിച്ചേരുവാൻ ആധുനിക മാധ്യമങ്ങൾക്കു പരിധിയില്ലാത്ത ശക്തിയുണ്ട്. പ്രേഷിത പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും മാധ്യമങ്ങളെ ഉപയോഗിക്കുവാൻ സഭ പരിശീലിക്കണം. മനുഷ്യവ്യക്തിയുടെയും മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളുടെയും, പ്രത്യേകിച്ച്, അതിന്റെ സാമൂഹികവും രാഷ്ട്രീയവും മനഃശാസ്ത്രപരവും ആദ്ധ്യാത്മികവുമായ മേഖലകളുടെയും സമഗ്രമായ ഉദ്ഗ്രഥനത്തിലൂടെ പൂർണ്ണമായി സമന്വയിക്കപ്പെട്ട ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ നവമാധ്യമങ്ങളും സാമൂഹ്യമാധ്യമങ്ങളും സഭ ഉപയോഗപ്പെടുത്തണം. ആധുനിക ലോകത്തിൽ മാധ്യമങ്ങളുടെ അപകട സാദ്ധ്യതകൾ ശ്രദ്ധയോടെ മനസ്സിലാക്കി വിവേചന ബുദ്ധിയോടെ അവയെ സഭയുടെ സുവിശേഷവത്കരണ കർമ്മപരിപാടികൾക്കുള്ള ഉപകരണങ്ങളാക്കണം.

### *3.7. ആരാധനക്രമവും - വി.കുർബാനയും - നമ്മുടെ പ്രേഷിതദൗത്യവും*

വ്യക്തിസഭയുടെ ആധികാരികമായ ആരാധനക്രമപാരമ്പര്യങ്ങളിലൂടെ നമ്മിലേക്കു കൈമാറ്റം ചെയ്യപ്പെട്ട വിശ്വാസാനുഭവത്തിന്റെ പങ്കുവയ്ക്കലും പ്രഘോഷണവുമാണ് സഭയുടെ പ്രേഷിതപ്രവർത്തനം. പൗരസ്ത്യ സഭകളുടെ പ്രേഷിതതലത്തിന്റെ കേന്ദ്രഘടകമാണ് ആരാധനക്രമസാക്ഷ്യം. ആന്തരികവും ബാഹ്യവുമായ മാനങ്ങൾ ആരാധനക്രമത്തിനുണ്ട്. ആന്തരികവശം സഭയുടെ ജീവിതവും നിലനിൽപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രേഷിതദൗത്യത്തിന് ഉള്ളടക്കവും പശ്ചാത്തലവും പ്രദാനംചെയ്യുന്ന ആരാധനക്രമം, പ്രേഷിതദൗത്യത്തിന്റെ പ്രേരകഘടകമാണ്. ദൈവസാന്നിദ്ധ്യത്തിൽ നിന്നു മനുഷ്യരുടെ ആവശ്യങ്ങളിലേക്കുള്ള തിരിച്ചിറങ്ങലാണ് ഇത്.

വി. കുർബാനയുടെ ആഘോഷമാണു സഭയെ സഭയാക്കിത്തീർക്കുന്നതും പ്രേഷിതദൗത്യത്തിലേക്ക് സഭയെ നയിക്കുന്നതും. വി. കുർബാന തന്നെയാണു സുവിശേഷവത്കരണത്തിന്റെ ഉറവിടവും ഉച്ചകോടിയും (PO. 5). ക്രിസ്തു

വിന്റെ ശരീരരകതങ്ങളാൽ പരിപോഷിതരായവരാണു "ക്രിസ്തു സംഭവത്തിന്റെ ഏറ്റവും നല്ല സാക്ഷികൾ". തങ്ങൾ അനുഭ വിച്ചറിഞ്ഞത് പുറത്തിറങ്ങി പ്രഘോഷിക്കുക എന്നതാണ് അവരുടെ ദൗത്യം. വി. കുർബാനയിൽ സജീവമായി പങ്കെടുക്കാതെ ശരിയായ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെടുകയെന്നതും അസാദ്ധ്യമാണ്. ഈ അനുഭവം കൂടാതെ ആർക്കും യഥാർത്ഥ സാക്ഷിയോ പ്രേഷിതനോ ആകുവാൻ സാധിക്കുകയില്ല.

## 4. സഭയുടെ പ്രേഷിതത്വത്തിൽ അല്മായ പങ്കാളിത്തം

"സഭയുടെ രക്ഷാകര ദൗത്യത്തിലുള്ള ഭാഗഭാഗിത്വമാണ് അല്മായരുടെ പ്രേഷിതത്വം. എല്ലാവരേയും മാമോദീസായും സ്ഥൈര്യലേപനവുംവഴി ഈ പ്രേഷിതത്വത്തിനായി നിയോഗിച്ചിരിക്കുന്നത് നമ്മുടെ കർത്താവുതന്നെയാണ്. എല്ലാ കൂദാശ കളും, പ്രത്യേകിച്ച് വിശുദ്ധ കുർബാന, പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം ജീവനായ ദൈവസ്നേഹവും പരസ്നേഹവും പകർന്നുതരികയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ചില സ്ഥലങ്ങളിൽ സഭയ്ക്ക് ഭൂമിയുടെ ഉപ്പായി പ്രവർത്തിക്കാൻ അല്മായരിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അത്തരം സ്ഥലങ്ങളിലും സാഹചര്യങ്ങളിലും സഭയ്ക്ക് പ്രവേശനം ലഭിക്കാനും പ്രവർത്തിക്കാനും അവസരമുണ്ടാക്കാൻ അല്മായർ പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ഓരോ അല്മായനും താൻ സ്വീകരിച്ചിരിക്കുന്ന ദാനങ്ങൾ ഉപയോഗിച്ചും ക്രിസ്തുവിന്റെ ദാനങ്ങളുടെ അളവനുസരിച്ചും (എഫേ. 4 :17) സഭയുടെ ദൗത്യത്തിന് ഒരു സാക്ഷിയും സജീവമായ ഒരു ഉപകരണവുമായി വർത്തിക്കേണ്ടിയിരിക്കുന്നു." (LG. 33)

സഭയുടെ ആരംഭംമുതൽ "ദൈവവചനത്തിന്റെ വളർച്ചയിൽ" (അപ്പ. 12,24) അല്മായരുടെ സജീവ ഭാഗഭാഗിത്വം ദൃശ്യമായിരുന്നു. എല്ലാ ക്രിസ്ത്യാനികളും വിളിക്കപ്പെട്ടിരിക്കുന്നതു തങ്ങളുടെ വിശ്വാസം മറ്റുള്ളവരുമായി അവരുടെ ജീവിത സാഹചര്യങ്ങളിൽ പങ്കുവയ്ക്കുവാനാണ്.ക്രിസ്തുവിന്റെ പ്രേഷിതദൗത്യത്തിൽ പങ്കുപറ്റുന്നവർ എന്ന നിലയിൽ അല്മായ വിശ്വാസികൾക്കു സുവിശേഷം പ്രഘോഷിക്കുവാനുള്ള വിളിയും ദൗത്യവുമുണ്ട്.

സഭാപാരമ്പര്യങ്ങളെക്കുറിച്ചും ഭരണസംവിധാനത്തെക്കുറിച്ചും അവബോധവും തീക്ഷ്ണതയും ഉള്ളവരായിരുന്നു അല്മായരെന്നും, അകത്തും പുറത്തുംനിന്നുണ്ടായ വെല്ലുവിളികളിൽനിന്നെല്ലാം സഭയെ കാത്തുസൂക്ഷിക്കുവാൻ അവർ തങ്ങളുടെ സർവ്വശക്തിയും ഉപയോഗിച്ചു പരിശ്രമിച്ചിരുന്നു എന്നും നമ്മുടെ ചരിത്രം വ്യക്തമാക്കുന്നുണ്ട്.

### *4.1. ജ്ഞാനസ്നാനപ്പെട്ടവർ അയയ്ക്കപ്പെട്ടവർ (Baptized and Sent)*

ഈ സവിശേഷ മിഷൻ മാസത്തിന്റെ ആപ്തവാക്യം ജ്ഞാനസ്നാനപ്പെട്ടവർ, അയയ്ക്കപ്പെട്ടവർ എന്നാണല്ലോ. ഇവ ഓരോ ക്രിസ്ത്യാനിയുടെയും സവിശേഷമായതും അവിഭാജ്യമായതുമായ രണ്ട് സ്വഭാവ സവിശേഷതകളാണ് സൂചിപ്പിക്കുന്നത് - ജ്ഞാനസ്നാനവും പ്രഘോഷണവും. ഏതൊരു ലോകത്തിലേയ്ക്കാണോ യേശുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ നമ്മെ അയച്ചിരിക്കുന്നത്, ആ ലോകത്തിന്റെ രക്ഷയ്ക്കായി കുരിശിൽ നിന്ന് ജ്ഞാനസ്നാനം ഒഴുകുന്നു.

മാമ്മോദീസായും സ്ഥൈര്യലേപനവുമാകുന്ന ദാനങ്ങളിലൂടെ ലഭിച്ച പരിശുദ്ധാത്മാവിൽ ശക്തിപ്പെട്ടും, യേശുക്രി സ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപറ്റിയും അല്മായർ സഭയുടെ സജീവപ്രേഷിതരാകുവാൻ വിളിക്കപ്പെട്ടിരിക്കു ന്നു (RM. 71, 72). അവരുടെ പ്രേഷിതപ്രവർത്തനമേഖലയ്ക്ക് ഈ ലോകത്തോളംതന്നെ വിസ്തൃതിയുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഭാരതത്തിലും സജീവപ്രേഷിതർ എന്ന നിലയിൽ അല്മായർ സ്വസഹോദരങ്ങളിലേക്ക് എത്തിച്ചേർന്നു കൊണ്ട് പ്രേഷിതദൗത്യം നിറവേറ്റികൊണ്ടിരിക്കുന്നു.

അല്മായർക്കു ക്രിസ്തുവിനു ശരിയായി സാക്ഷ്യം വഹിക്കുവാൻ വളരെയേറെ അവസരങ്ങൾ ലഭിക്കുന്നുണ്ട്. ''എല്ലാ കാലങ്ങളിലും ലോകത്തെമ്പാടുമുള്ള സകല ജനങ്ങൾക്കും രക്ഷയുടെ ദൈവിക സന്ദേശം കൂടുതൽ കൂടുതലായി എത്തിക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ എല്ലാ ക്രൈസ്തവ വിശ്വാസികൾക്കും അവകാശവും കടമയുമുണ്ട് '' (CCEO c. 14) എന്നും, 'സഭയുടെ ദൗത്യത്തിൽ തങ്ങളുടേതായ സംരംഭങ്ങളിലൂടെ അപ്പസ്തോലിക പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കു വാനും സഹായിക്കുവാനും തങ്ങൾക്ക് അവകാശമുണ്ട് ' (CCEO. c. 19) എന്നും തിരിച്ചറിഞ്ഞ ധാരാളം അത്മായർ, സംഘടി തമായും തനിച്ചും സഭയുടെ പ്രേഷിതപ്രവർത്തന ദൗത്യത്തിൽ തങ്ങളുടേതായ രീതിയിൽ പങ്കു ചേരുന്നു. ചെറുപുഷ്പ മി ഷൻലീഗ്, ജീസസ് യൂത്ത്, ഫിയാത്ത് മിഷൻ, ക്രിസ്റ്റീൻ, സി.എൽ.സി, വി. വിൻസെന്റ് ഡി പോൾ സഖ്യം, എസ്.എം.വൈ.എം, കത്തോലിക്കാ കോൺഗ്രസ്സ്, തുടങ്ങിയ അത്മായ സംഘടനകൾ ഈ മേഖലയിൽ ചെയ്യുന്ന ശുശ്രൂഷകൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. ഇതിന് പ്രേരകമായി നിന്ന കരിസ്മാറ്റിക് നവീകരണം പ്രചോദനാത്മകവും അഭിനന്ദനീയവുമാണ്.

സഭയുടെ പ്രേഷിതപ്രവർത്തനത്തിലുള്ള അല്മായരുടെ പങ്കാളിത്തം പലതിൽനിന്നുമുള്ള വെറുമൊരു തിരഞ്ഞെടു പ്പല്ല, മറിച്ച്, അത്യന്താപേക്ഷിതമാണ്. സഭ എന്തിന് അയയ്ക്കപ്പെട്ടിരിക്കുന്നുവോ ആ ദൗത്യം പൂർണ്ണമായി നിറവേറ്റുവാൻ അല്മായരുടെ സജീവപങ്കാളിത്തം കൂടാതെ സഭയ്ക്കു സാധിക്കില്ല. ഈ പ്രേഷിതദൗത്യത്തിനു വ്യത്യസ്തങ്ങളായ രൂപഭാവങ്ങ ളുണ്ടാകാം. സഭയുടെ പ്രേഷിതപ്രവർത്തനത്തിലുള്ള അല്മായരുടെ പങ്കുചേരൽതന്നെയാണ് അവരുടെ ദൗത്യം. അതു കൊണ്ട് ജനതകളുടെ രക്ഷ കാംക്ഷിക്കുന്ന സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരുന്നതിനായാണ് അല്മായർ നിലകൊള്ളു ന്നത്.

### *4.2. സുവിശേഷവത്കരണവും അല്മായരുടെ പ്രത്യേകമായ വിളിയും*

സുവിശേഷവത്കരണരംഗത്ത് അല്മായർക്കൊരു പ്രത്യേക കർത്തവ്യം നിർവ്വഹിക്കുവാനുണ്ട്. തങ്ങളുടെ പ്രത്യേകമായ വിളിയാൽത്തന്നെ അല്മായർ വളരെ വ്യത്യസ്തങ്ങളായ ഭൗതിക കർത്തവ്യങ്ങൾക്കായി നിയോഗിക്കപ്പെട്ടിരിക്കുകയും സഭാതനയരെന്ന നിലയിൽ ലോകത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാരണത്താൽ ലോകത്തിലേക്കു പ്രവേശിച്ചു വളരെ പ്രത്യേക രീതിയിലുള്ള സുവിശേഷവത്കരണം നടത്തുന്നതിന് അവർക്ക് അനുകൂലസാഹചര്യമാണുള്ളത്. സാക്ഷ്യം നല്കുന്ന ജീവിതത്തിലൂടെയും മറ്റു രീതികളിലുള്ള സുവിശേഷപ്രഘോഷണത്തിലൂടെയും ഭൗതികക്രമങ്ങൾ നവീകരിച്ചുകൊണ്ടാണ് അവർ ഇതു നിർവ്വഹിക്കുന്നത്. മനുഷ്യത്വത്തിന്റെ എല്ലാ തലങ്ങളിലേക്കും പ്രവേശിക്കുവാനുള്ള അനുകൂലമായ അവസ്ഥയിലാണവർ. രാഷ്ട്രീയം, സാമൂഹികപ്രവർത്തനം, സാമ്പത്തികശാസ്ത്രം, കല, ശാസ്ത്രം, ദേശീയ-അന്തർദേശീയ ജീവിതം, ബഹുജനമാധ്യമങ്ങൾ എന്നീ വിശാലങ്ങളായ മേഖലകൾ കൂടാതെ സാംസ്കാരിക മേഖലയെക്കൂടി സുവിശേഷവത്കരിക്കുവാനാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്. കൂടാതെ മാനുഷികസ്നേഹം, കുട്ടികളുടെയും കൗമാരക്കാരുടെയും വിദ്യാഭ്യാസം, ഔദ്യോഗിക ജോലി, ക്ലേശങ്ങളുടെയും മാനുഷിക അടിച്ചമർത്തലിന്റെയും വ്യത്യസ്ത സാഹചര്യങ്ങൾ എന്നീ യാഥാർത്ഥ്യങ്ങളെക്കൂടി അവർ ധൈര്യപൂർവ്വം നേരിടേണ്ടതുണ്ട് (EN. 70).

അർപ്പണ മനോഭാവമുള്ള അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും തലങ്ങളിലും പങ്കാളികളാക്കപ്പെടണം. അതിനു സഭയിലെ അല്മായർത്തന്നെ സ്വമനസ്സാലെ മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

### *4.3. പ്രേഷിതദൈവവിളികളും ക്രിസ്തീയ കുടുംബങ്ങളും*

കുടുംബത്തെ സഭ തന്റെ അടിസ്ഥാന ഘടകമായാണു മനസ്സിലാക്കുന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസ് കുടുംബത്തെ ഗാർഹികസഭ (*Ecclesia domestica*) എന്നാണു വിശേഷിപ്പിക്കുന്നത്. വിശ്വാസപരിശീലനത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും പിള്ളത്തൊട്ടിലാണു കുടുംബം. ക്രിസ്തീയ പക്വതയുടെയും ദൈവവിളിയുടെയും കളരികൂടിയാണത്. ആദ്യംതന്നെ കുടുംബത്തിൽ ഒരു കുട്ടി മാതാപിതാക്കളുടെ യേശുനാമപ്രഘോഷണം വഴിയും, കുരിശുവര വഴിയും സുവിശേഷവത്കരിക്കപ്പെടുന്നു. അതുകൊണ്ട്, സഭയിൽ സുവിശേഷവത്കരണത്തിന്റെ ഏറ്റവും ഫലപ്രദമായ മാധ്യമമാണു കുടുംബം. കുടുംബങ്ങളിൽത്തന്നെയാണു സഭയുടെ പ്രേഷിതർ പ്രാഥമികമായി പരിശീലിപ്പിക്കപ്പെടുന്നത്.

സഭ സ്വഭാവത്താലേ പ്രേഷിതയാണെങ്കിൽ ഒരു ക്രിസ്തീയ കുടുംബം അതിന്റെ ക്രിസ്തീയ സ്വഭാവത്താൽ അതിലേറെ പ്രേഷിതയാണ്. സുവിശേഷവത്കരണത്തിൽ കുടുംബങ്ങൾക്കുള്ള വലിയ പങ്കു മനസ്സിലാക്കിക്കൊണ്ടു സഭ കുടുംബപ്രേഷിതത്വത്തിന് ഏറ്റവും മുന്തിയ പ്രധാന്യം നല്കുന്നു. തങ്ങളുടെ മക്കളെ പ്രേഷിത രംഗങ്ങളിലേക്ക് അയയ്ക്കുവാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുടുംബത്തിൽ പ്രേഷിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനുള്ള മാതാപിതാക്കളുടെ പരിശ്രമങ്ങൾ ഫലമണിയിക്കുവാൻ സഹായകമാകുന്ന രീതിയിൽ വിശ്വാസപരിശീലനം സ്വീകരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രേഷിതത്വത്തെക്കുറിച്ചും ഓരോ ക്രിസ്ത്യാനിയുടെയും പ്രേഷിത ഉത്തരവാദിത്വങ്ങളെക്കുറിച്ചും അറിവു നല്കപ്പെടേണ്ടതാണ്. അതുപോലെതന്നെ, പ്രേഷിതദൈവവിളികൾക്കുവേണ്ടി കുടുംബങ്ങളിലെ പ്രാർത്ഥനാവേളകളിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണ്. കൂടാതെ, പ്രേഷിതാവബോധം സൃഷ്ടിക്കുന്നതിനുള്ള കർമ്മപരിപാടികളും മിഷൻ ധ്യാനങ്ങളും ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാവുന്നതാണ്.

### *4.4. പ്രേഷിത കർമ്മപരിപാടികൾ*

അല്മായരെ അവരുടെ പ്രേഷിതപ്രവർത്തനത്തിനു സജ്ജരാക്കേണ്ടതിനു ശരിയായ ചൈതന്യവത്കരണവും പരിശീലനവും ആവശ്യമാണ്. ഇപ്പോഴുള്ള അല്മായപ്രേഷിത മുന്നേറ്റങ്ങൾ തീർച്ചയായും അല്മായരുടെ ഭാഗത്തുനിന്നുള്ള യഥാർത്ഥ പ്രേഷിതപ്രവർത്തനത്തിനുള്ള കാൽവയ്പ്പുകളാണ്. നമ്മുടെ മിഷൻ പ്രദേശങ്ങളിലേക്കു സ്വമനസ്സാലെ പോകുന്ന ഉത്സാഹഭരിതരായ ഈ പ്രേഷിതർക്കു ശരിയായ മാർഗ്ഗനിർദ്ദേശം നല്കപ്പെടണം. പ്രേഷിത തീക്ഷ്ണതയ്ക്കു കുറവുവന്ന നമ്മുടെ ഇടവകകളിൽ, കൂടുതൽ മെച്ചപ്പെട്ട പ്രേഷിതാവബോധം സൃഷ്ടിക്കുവാനുതകുന്ന നടപടികൾ കൈക്കൊള്ളണം. ഇതിന് സഹായകരമായ ചില നിർദ്ദേശങ്ങൾ വിചിന്തനത്തിനും ചർച്ചകൾക്കുമായി നല്കുന്നു.

a. നമ്മുടെ പ്രാർത്ഥനയിലൂടെ പ്രേഷിത പ്രവർത്തനം നടത്തുക. മദ്ധ്യസ്ഥ പ്രാർത്ഥനവഴി അനേകരെ മാനസാന്തരത്തിലേക്കും ആത്മസിദ്ധിയിലേക്കും നയിക്കാൻ സാധിക്കുമെന്ന തിരിച്ചറിവാണ് ശുശ്രൂഷ ചെയ്യാൻ സഭയെ പ്രേരിപ്പിക്കുന്നത്. ഉദാ:- വി. കൊച്ചുത്രേസ്യ, വി. അൽഫോൻസാമ്മ, വി. എവുപ്രാസ്യാമ്മ.

b. നേരിട്ടുള്ള സുവിശേഷ പ്രഘോഷണത്തിലൂടെ മിശിഹായെ അറിയിക്കുക. ഉദാ:- വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ.

c. എല്ലാവർക്കും നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ച ഈശോയെ തങ്ങളുടെ ജീവിതത്തിലൂടെ ലോകത്തിന് അനുഭവവേദ്യമാക്കിക്കൊടുത്ത്, നിസ്വാർത്ഥ സേവനത്തിലൂടെ ലോകത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുക. ഉദാ: കൽക്കത്തായിലെ വി. മദർ തെരേസ.

d. തങ്ങളുടെ ക്ലേശങ്ങളും സഹനങ്ങളും രക്ഷകന്റെ സഹനങ്ങളോടു ചേർത്തുവച്ച് രക്ഷാകരമാക്കുക, പ്രേഷിതപ്രവർത്തന വിജയത്തിനായി സമർപ്പിക്കുക. ഉദാ: വി. കൊച്ചുത്രേസ്യ, വി. അൽഫോൻസാമ്മ, വാ. മറിയം ത്രേസ്യാമ്മ.
e. പ്രേഷിത മേഖലകളുമായി നേരിട്ട് ആശയവിനിമയം നടത്താൻ ഇടവകകളെ സഹായിക്കുന്നതിനുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും ആരായുക.
f. സാമ്പത്തിക ഭദ്രതയുള്ള ഇടവകകൾ അല്മായ പങ്കാളിത്തത്തോടെ പ്രേഷിത കർമ്മപരിപാടികൾ ഏറ്റെടുക്കുക.
g. നമ്മുടെ മിഷൻ പ്രദേശങ്ങളിൽ സജീവ പ്രേഷിതരാകുവാൻ അല്മായർക്ക് അവസരം നല്കുകയും അതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
h. കേരളത്തിലുള്ള മാതൃസഭയിലെ രൂപതകളോ ഇടവകകളോ ഏതെങ്കിലും മിഷൻ രൂപതകളെയോ മിഷൻ പ്രദേശങ്ങളെയോ ദത്തെടുക്കുന്നതിനുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുക.
i. സജീവ പ്രേഷിതപ്രവർത്തനത്തിൽ തത്പരരായ അല്മായരെ കണ്ടെത്തുകയും ശരിയായി പരിശീലിപ്പിക്കുകയും പ്രേഷിതമേഖലകളിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
j. മിഷൻ പ്രദേശങ്ങളിൽ അല്മായ പ്രേഷിതർക്കു കുടുംബമായി താമസിക്കുവാൻ സംവിധാനം ഏർപ്പെടുത്തുക.
k. പ്രേഷിതപ്രവർത്തനത്തോടുള്ള സ്നേഹവും പരിഗണനയും പകർന്നു നൽകിക്കൊണ്ടു പ്രേഷിതദൈവവിളികൾ പ്രോത്സാഹിപ്പിക്കുക.
l. സ്നേഹത്തിലധിഷ്ഠിതമായ ദാമ്പത്യ ജീവിതം, കുട്ടികളുടെ ക്രിസ്തീയ രൂപീകരണം, കൂദാശകളിലുള്ള പങ്കാളിത്തം, കുടുംബപ്രാർത്ഥന, പരസ്നേഹ പ്രവർത്തനങ്ങൾ തുടങ്ങിയ വഴി ക്രൈസ്തവ സാക്ഷ്യം നല്കുക.

**ഉപസംഹാരം**

ജ്ഞാനസ്നാനസമയത്ത് ദൈവം കരുണയോടെ നമ്മിൽ വർഷിച്ച യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതമാനം വീണ്ടും കണ്ടെത്താൻ ഈ സവിശേഷ മിഷൻ മാസാചരണം നമ്മെ സഹായിക്കും. ഈ വർഷത്തെ ലോകമിഷൻ ദിനത്തിനുവേണ്ടി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കിയ സന്ദേശത്തിലെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ് : "ഈശോയുടെ ഈ പ്രേഷിതകല്പന നമ്മെ വ്യക്തിപരമായി സ്പർശിക്കുന്നു : ഞാൻ ഒരു ദൗത്യമാണ്, എല്ലായ്പ്പോഴും; നീ ഒരു ദൗത്യമാണ്, എല്ലായ്പ്പോഴും; മാമോദീസാ സ്വീകരിച്ച ഓരോ പുരുഷനും സ്ത്രീയും ഒരു ദൗത്യമാണ്. സ്നേഹത്തിലായിരിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായിരിക്കുന്നില്ല; അവർ തങ്ങളിൽ നിന്ന് ബഹിർഗമിക്കുന്നു. അവർ ആകർഷിക്കപ്പെടുകയും മറ്റുള്ളവരെ ആകർഷിക്കുകയും ചെയ്യുന്നു; അവർ സ്വയം മറ്റുള്ളവർക്ക് നല്കുകയും ജീവദായകമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. ദൈവസ്നേഹത്തെ സംബന്ധിച്ചിടത്തോളം, ആരും ഉപയോഗശൂന്യരോ നിസ്സാരരോ അല്ല. നാമോരോരുത്തരും ലോകത്തിലേക്കുള്ള ഒരു ദൗത്യമാണ്, കാരണം നമ്മൾ ഓരോരുത്തരും ദൈവസ്നേഹത്തിന്റെ ഫലമാണ്."

പരിശുദ്ധ പിതാവിന്റെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്ന വലിയൊരു സത്യം നമ്മൾ ഒരു ദൗത്യം (Mission) ആണെന്നുള്ളതാണ്. നമ്മൾ ഒരു മിഷൻ ആണെങ്കിൽ നമ്മുടെ ഓരോ വാക്കും പ്രവർത്തിയും ജീവിതം തന്നെയും മിഷനാണ്. നമ്മുടെ ബന്ധങ്ങൾ, നമ്മുടെ ജോലികൾ, നമ്മുടെ വ്യവഹാരങ്ങൾ, നമ്മുടെ പെരുമാറ്റങ്ങൾ, നമ്മുടെ നോട്ടങ്ങൾ, നമ്മുടെ സ്പർശനങ്ങൾ എല്ലാം മിഷൻ ആണെന്ന അവബോധം നമ്മെ കൂടുതൽ ശ്രദ്ധാലുക്കളാക്കും. കാരണം, നമ്മൾ ഈശോയുടെ മിഷൻ ആണ്. ഈശോ പിതാവിന്റെ മിഷനറിയായിരുന്നതുപോലെ നമ്മളെല്ലാവരും മിഷനറിമാരാണ്. അതിനാൽ, ഈശോ നമ്മെ ഭരമേല്പിച്ച ഈ ദൗത്യം വിശ്വസ്തതാപൂർവ്വം നിർവഹിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം, ഒരുമിച്ച് പ്രവർത്തിക്കാം.

നമ്മുടെ അമ്മയായ പരി.കന്യകാമറിയവും, നമ്മുടെ പിതാവായ മാർ തോമ്മാശ്ളീഹായും, മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായും, നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഈ പ്രേഷിത ഉദ്യമത്തിൽ മാദ്ധ്യസ്ഥവും തുണയുമായിരിക്കട്ടെ.

---

NB.: ***സീറോ മലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗരേഖ*** - **ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ** - ***ആധാരമാക്കിയാണ് ഈ വിചിന്തന വിഷയം തയ്യാറാക്കിയത്.***